## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 132 — 06-01-2014-ൽ മറുപടിക്ക്.

### മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുവാൻ നടപടി

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി:<br>" ജെയിംസ് മാത്യു:<br>" വി. ചെന്താമരാക്ഷൻ:<br>" പി. റ്റി. എ. റഹീം: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുവാൻ മദ്യത്തിന്റെ ലഭ്യത കുറയ്ക്കണമെന്ന സുപ്രീംകോടതി നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്ത് സമീപനം സ്വീകരിച്ചു, വിശദമാക്കാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിലും, സമഗ്രമായ ബോധവൽക്കരണത്തിലൂടെ ഘട്ടംഘട്ടമായുള്ള മദ്യവർജ്ജനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി, സ്കൂൾ / കോളേജ് തലത്തിൽ ലഹരി വിരുദ്ധ ക്ലബ്ബ് രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. കൂടാതെ, ഈ സർക്കാർ പുതിയ എഫ്.എൽ.1 ചില്ലറ മദ്യവിൽപന ശാലകളൊന്നും തന്നെ അനുവദിച്ചിട്ടില്ല. ത്രീ സ്റ്റാർ/ഫോർ സ്റ്റാർ പദവിയിലുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകുന്നത് നിർത്തി വച്ചു. ബാറുകളുടെ പ്രവർത്തന സമയം രാവിലെ 8 മണി മുതൽ രാത്രി 11 മണിവരെയായി വെട്ടിക്കുറച്ചു. മദ്യം വാങ്ങാനും, വില്ക്കാനും, കൈവശം വയ്ക്കാനുമുള്ള പ്രായപരിധി 18 വയസ്സിൽ നിന്ന് 21 വയസ്സായി വർദ്ധിപ്പിച്ചു. ഒരാൾക്ക് കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവ്, എല്ലാ ഇനം മദ്യവും കൂടി,15 ലിറ്ററായി പരിമിതപ്പെടുത്തി. |
| (ബി) മദ്യത്തിന്റെ ലഭ്യത നിയന്ത്രിക്കാനായി ബിവറേജസ് കോർപ്പറേഷൻ കടകളിലും ബാറുകളിലും എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; മദ്യ ഷോപ്പുകളും ബാറുകളും ഇനി അനുവദിക്കേണ്ടെന്ന് തീരുമാനിച്ചിട്ടുണ്ടോ; ഈ സർക്കാർ എത്ര | (ബി) ഇല്ല. കഴിഞ്ഞ സർക്കാർ അനുവദിച്ച 12 എഫ്.എൽ.1 ചില്ലറ മദ്യവിൽപന ശാലകൾ തുടങ്ങേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചു. പുതിയ അബ്കാരി പോളിസിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പഠിക്കാൻ നിയോഗിച്ച ഏകാംഗ കമ്മീഷന്റെ തീരുമാനം വരുന്നതുവരെ പുതിയ |

പുതിയ ബാർ ലൈസൻസുകൾ നൽകുകയുണ്ടായി; പുതുക്കി നൽകിയവ എത്ര;

ബാർ ലൈസൻസുകൾ അനുവദി ക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാ നിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാര ത്തിൽ വന്നശേഷം അനുവദിച്ച 59 പുതിയ ബാർ ലൈസൻസുകൾ ഉൾപ്പെടെ 739 ബാറുകൾ 2013-14 വർഷത്തേ യ്ക്ക് പുതുക്കി നൽകുകയുണ്ടായി.

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന വർഷം ബിവറേജസ് കോർപ്പ റേഷൻ വഴി എത്ര തുകയുടെ മദ്യം വിറ്റഴിച്ചു; പിന്നീട് ഓരോ വർഷവും അത് എത്ര തുകയായി വർദ്ധിച്ചു; ഈ വർഷം മദ്യ വില്പ നയുടെ ടാർജറ്റ് എത്ര തുകയുടേ താണ്; പ്രസ്തുത ടാർജറ്റ് മുൻ വർഷത്തെ അപേക്ഷിച്ച് എത്ര ശതമാനം കൂടുതലാണ്?

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന വർഷം ബിവറേജസ് കോർപ്പ റേഷൻ വഴി വിറ്റഴിച്ച മദ്യവില്പന, മൂല്യത്തിന്റെ അടിസ്ഥാനത്തിൽ, ചുവടെ ചേർക്കുന്നു.

| വർഷം | ആകെ വില്പനയുടെ മൂല്യം (രൂപ കോടിയിൽ) | വില്പനയുടെ മൂല്യം മുൻ വർഷവുമായി താരതമ്യം ചെയ്തത് (ശതമാനത്തിൽ) |
|---|---|---|
| 2011-12 | 7862 | 17% |
| 2012-13 | 8818 | 12% |
| 2013-14 | 6090 | 5% |

(2013 ഏപ്രിൽ മുതൽ 2013 നവംബർ വരെയുള്ള 6089.87 കോടി രൂപ.
2012 ഏപ്രിൽ മുതൽ 2012 നവംബർ വരെയുള്ള 5784.19 കോടി രൂപയുമാ യി താരതമ്യം ചെയ്തത്)

സെക്ഷൻ ഓഫീസർ